പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2730 **28-10-2026-ൽ മറുപടിയ്ക്ക്**

ബോർവെൽ നിർമ്മാണത്തിന് ഡിപ്പാർട്ട്മെന്റിന്റെ കൃത്യമായ മേൽനോട്ടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എം. നസീർ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ചടയമംഗലം മണ്ഡലത്തിൽ പെടുന്ന കടയ്ക്കൽ, കുമ്മിൾ, ചടയമംഗലം, ചിതറ, നിലമേൽ പഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ ഭൂജലവകുപ്പ് ചെയ്ത ബോർവെൽ നിർമ്മാണങ്ങളിൽ പരാജയശതമാനം കൂടുതലായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് ബന്ധപ്പെട്ട കരാറുകാരിൽ അല്ലെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്നു തിരിച്ചുപിടിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ചടയമംഗലം മണ്ഡലത്തിലെ ചടയമംഗലം, നിലമേൽ പഞ്ചായത്തുകളിൽ മുൻകാലങ്ങളിൽ പരാജയ ശതമാനം ഏകദേശം 15% വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രദേശത്തെ ഉപരിതല സവിശേഷതകളും ഭൂഗർഭഘടനയും പരിഗണിച്ച് കൊടുക്കുന്ന സൈറ്റുകളിൽ 100% വിജയസാധ്യത ഉറപ്പ് നൽകാൻ സാധ്യമല്ലാത്തതിനാലും ചില സാഹചര്യങ്ങളിൽ ജലം ലഭിക്കാതെ വന്നിട്ടുള്ളതാണ്. ഇത്തരം ജലലഭ്യത ഇല്ലാത്ത സ്ഥലങ്ങളിൽ വീണ്ടും ഭൂജല പര്യവേഷണം നടത്തി അനുയോജ്യമെങ്കിൽ പുതിയ സ്ഥാന നിർണ്ണയം നടത്തിയിട്ടുണ്ട്. കരാറുകാരന്റെ നിർമ്മാണത്തിലെ അപാകതമൂലമല്ലാത്ത കാരണങ്ങളാൽ ജലം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ നിലവിലുള്ള നിയമ പ്രകാരം തുക തിരികെ പിടിക്കാൻ സാധിക്കുകയില്ല. ആയതിനാൽ അത്തരത്തിൽ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

(ബി) ചടയമംഗലം നിയോജക മണ്ഡലത്തിൽ ബോർവെൽ നിർമ്മാണത്തിന് ഉചിതമായ സ്ഥലം കണ്ടെത്തുമ്പോൾ ജിയോളജിക്കൽ സർവ്വേയുടെ ഒപ്പം തന്നെ ജിയോ ഫിസിക്കൽ സർവ്വെയും നിർബന്ധമായും നടത്താറുണ്ടോ; ഉണ്ടെങ്കിൽ കുഴൽക്കിണർ നിർമ്മാണം ഡിപ്പാർട്ട്മെന്റ് റിഗ് ഉപയോഗിച്ച് തന്നെയാണോ നടത്തുന്നത്;

മറുപടി: ജിയോളജിക്കൽ സർവ്വേ നടത്തി പ്രദേശത്തെ ഉപരിതല സവിശേഷതകളും ഹൈഡ്രോജിയോളജിക്കൽ സാഹചര്യങ്ങളും വിശകലനം ചെയ്ത ശേഷം നേരിട്ട് സ്ഥാന നിർണ്ണയം നടത്താൻ സാധിക്കുന്ന സ്ഥലങ്ങളിൽ അങ്ങനെ സൈറ്റ് നൽകി വരുന്നു. കൊല്ലം ജില്ലയിലെ വ്യത്യസ്ത ഭൂപ്രകൃതിയും ഭൗമശാസ്ത്രപരമായ സവിശേഷതകളും പരിഗണിക്കുമ്പോൾ നിലവിൽ വകുപ്പിൽ ലഭ്യമായിട്ടുള്ള ജിയോളജിക്കൽ സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് എല്ലാ സ്ഥലങ്ങളിലും ജിയോഫിസിക്കൽ സർവ്വേ നടത്തുന്നത് സാങ്കേതികമായി പ്രായോഗികമല്ല. ഡിപ്പാർട്ട്മെന്റ് റിഗ്ഗ് എത്തിച്ചേരുന്ന സൈറ്റുകളിൽ റിഗ്ഗ് ഉപയോഗിച്ച് നിർമ്മാണം നടത്തി വരുന്നു.

(സി) ജില്ലയിൽ കാര്യക്ഷമതയുള്ള റിഗ് ലഭ്യമല്ലെങ്കിൽ മറ്റ ജില്ലയിൽ നിന്നും റിഗ് എത്തിച്ചു പ്രവൃർത്തി ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; നിലവിൽ ടെണ്ടർ നൽകിക്കഴിഞ്ഞ പ്രവർത്തികളിൽ ഡിപ്പാർട്ട്മെന്റിന്റെ കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തുമോ?

മറുപടി: നിലവിലുള്ള റിഗ്ഗ് ഉപയോഗിച്ച് നിർമ്മാണം സാധിക്കാത്ത സാഹചര്യത്തിൽ മറ്റ് ജില്ലകളിൽ നിന്നും റിഗ്ഗ് എത്തിച്ച് പ്രവൃത്തി ചെയ്യാറുണ്ട്. ടെൻഡേർഡ് വർക്ക്, ഡിപ്പാർട്ട്മെന്റിലെ യോഗ്യരായ ടെക്നിക്കൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ